**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കുടുംബശ്രീ സംഘടനാ സംവിധാനം - ത്രിതല സംഘടനാ തിരഞ്ഞെടുപ്പ് - മാർഗ്ഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(പി) നം.95/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 05/12/2017**

---

പരാമർശം:- 1. 13.11.14 ലെ സ.ഉ.(പി) നം.198/14/തസ്വഭവ ഉത്തരവ്
2. 27.11.2014-ലെ സ.ഉ(പി) നം.214/14/തസ്വഭവ. ഉത്തരവ്
3. 14.01.2015-ലെ സ.ഉ(പി) നം.10/2015/തസ്വഭവ ഉത്തരവ്
4. 14.1.2015-ലെ സ.ഉ(പി) 11/15/തസ്വഭവ ഉത്തരവ്
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.11.2017 ലെ 7375/എൽ/2008/KSHO നമ്പർ കത്ത്
6. 1.12.2017-ലെ സ.ഉ(പി) നം.94/2017/തസ്വഭവ ഉത്തരവ്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം കുടുംബശ്രീ ബൈലോ അംഗീകരിക്കുകയും പരാമർശം (3) പ്രകാരം പ്രസ്തുത ബൈലോ ഭേദഗതി വരുത്തിയും ഉത്തരവായിരുന്നു. . പരാമർശം (2) പ്രകാരം സി.ഡി.എസ് തിരഞ്ഞെടുപ്പ് ചട്ടങ്ങൾ അംഗീകരിച്ചുകൊണ്ടും പരാമർശം(4) പ്രകാരം സി.ഡി.എസ് തിരഞ്ഞെടുപ്പ് ചട്ടങ്ങൾ ഭേദഗതി വരുത്തിയും ഉത്തരവായിരുന്നു.

(2) കുടുംബശ്രീ സംഘടനാ സംവിധാനങ്ങളുടെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സുഗമവും സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (5) -ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നല്കി ഉത്തരവാകുന്നു.

1. പരാമർശം(1)-ലെ കുടുംബശ്രീ സി.ഡി.എസ്സ് ബൈലോയുടേയും തുടർന്നുള്ള ബൈലോഭേദഗതിയുടേയും പരാമർശം (2) പ്രകാരമുള്ള തിരഞ്ഞെടുപ്പ് നടപടി ചട്ടങ്ങൾക്കും തുടർന്നുള്ള ഭേദഗതികൾക്കും അനുസൃതമായി കുടുംബശ്രീ സംഘടനാ സംവിധാനങ്ങളുടെ തെരഞ്ഞെടുപ്പ് സ്വതന്ത്രവും സമയബന്ധിതവും നീതിയുക്തവുമായി നടത്തുവാൻ ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തുന്നു.

2. കുടുംബശ്രീ ബൈലോ 12.10 വകുപ്പ് പ്രകാരം ഓരോ ജില്ലയിലും സി.ഡി.എസ്സ് ത്രിതല സമിതികളുടെ തെരഞ്ഞെടുപ്പ് ജനാധിപത്യ രീതിയിൽ സ്വതന്ത്രവും നീതിപൂർവ്വവുമായി യഥാസമയം നടത്തുന്നതിന് ഒരു ജില്ലാതല ഉദ്യോഗസ്ഥനെ കുടുംബശ്രീ ജില്ലാതല തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായി ജില്ലാ കളക്ടർമാർ നിയമിച്ച് ഉത്തരവിറക്കേണ്ടതാണ്. പ്രസ്തുത ഉത്തരവുകൾ 2017 ഡിസംബർ 05 നകം അതാത് ജില്ലകളിലെ ജില്ലാ കളക്ടർമാർ പുറപ്പെടുവിക്കേണ്ടതാണ്. കൂടാതെ ഡിസംബർ 08 നകം സി.ഡി.എസ് വരണാധികാരികളെയും അസിസ്റ്റന്റ് വരണാധികാരികളേയും നിയമിക്കുന്നതിനും ഡിസംബർ 15 നകം എ.ഡി.എസ് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനു സി.ഡി.എസ് വരണാധികാരികളെ ചുമതലപ്പെടുത്തുന്നതിനും അതാത് ജില്ലാ കളക്ടർമാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

3. (എ) തിരഞ്ഞെടുപ്പ് വിജ്ഞാപനം : ത്രിതല സംഘടനാ തിരഞ്ഞെടുപ്പിനുള്ള തിരഞ്ഞെടുപ്പ് വിജ്ഞാപനം 2017 ഡിസംബർ 23-ാം തീയതി പുറപ്പെടുവിക്കുന്നതിനും, ത്രിതലസംഘടനാ തിരഞ്ഞെടുപ്പ് ചുവടെ ചേർക്കുന്നതരത്തിൽ പൂർത്തീകരിക്കുന്നതിനും ജില്ലാകളക്ടർ/ജില്ലാതല തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

ബി) ആദ്യ ഘട്ടം - അയൽക്കൂട്ട തിരഞ്ഞെടുപ്പ് 2018 ജനുവരി 08 മുതൽ 14 വരെ.

ഡിസംബർ 26 മുതൽ 30 വരെയുള്ള തീയതികളിൽ അയൽക്കൂട്ട തിരഞ്ഞെടുപ്പ് അധ്യക്ഷയുടെ പരിശീലനം നടക്കുന്നുവെന്ന് സിഡിഎസ് വരണാധികാരി ഉറപ്പുവരുത്തേണ്ടതാണ്.

സി) രണ്ടാംഘട്ടം - എ.ഡി.എസ്സ് തിരഞ്ഞെടുപ്പ് - 2018 ജനുവരി 18 മുതൽ 21 വരെ.

ഡി) മൂന്നാം ഘട്ടം സി ഡി എസ്സ് തിരഞ്ഞെടുപ്പ് - 2018 ജനുവരി 25 ന്. ത്രിതല സമിതികൾ അധികാരമേൽക്കേണ്ടത് 2018 ജനുവരി 26 ന്.

4. തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി നിലവിലുള്ള അയൽക്കൂട്ടങ്ങളുടെ അഫിലിയേഷൻ 2017 ഡിസംബർ 15 നകം പൂർത്തീകരിച്ച് ഡിസംബർ 20 നകം തിരഞ്ഞെടുപ്പിന് യോഗ്യത നേടിയ അയൽക്കൂട്ടങ്ങളുടെ വിവരം രജിസ്റ്ററിൽ ചേർത്ത്, കുടുംബശ്രീ ജില്ലാമിഷൻ ഓഫീസിൽ എത്തിക്കുവാൻ കുടുംബശ്രീ സി.ഡി.എസ്സ് മെമ്പർ സെക്രട്ടറിമാർ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

5. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സുപ്രധാന പ്രവർത്തനങ്ങളായ അഫിലിയേഷൻ, വോട്ടർ പട്ടിക തയ്യാറാക്കൽ എന്നീ കാര്യങ്ങൾക്ക്

വരണാധികാരികളെ സഹായിക്കുന്ന സി.ഡി.എസ്സ്. മെമ്പർ സെക്രട്ടറിമാരുടെ ഒഴിവ് നികത്തുവാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് ഡയറക്ടർമാർ സ്വീകരിക്കേണ്ടതാണ്.

6. സി.ഡി.എസ്സ്., എ.ഡി.എസ്സ് തലങ്ങളിലെ തിരഞ്ഞെടുപ്പ് ചെലവുകൾ നിർവ്വഹിക്കുന്നതു സംബന്ധിച്ച് ഉത്തരവുകൾ കുടുംബശ്രീ സംസ്ഥാനമിഷൻ പുറപ്പെടുവിക്കുന്നതാണ്.

7. കുടുംബശ്രീ സംഘടനാ തിരഞ്ഞെടുപ്പിൽ ഏതെങ്കിലും കാരണത്താൽ സി.ഡി.എസ്സ് തെരഞ്ഞെടുപ്പ് പൂർത്തീകരിക്കാത്ത സി.ഡി.എസ്സുകളുടെ താത്ക്കാലിക ചുമതല 2018 ജനുവരി 26 മുതൽ അതാത് സി.ഡി.എസ്സ്. മെമ്പർ സെക്രട്ടറിമാർക്ക് നല്കേണ്ടതാണ്.

8. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മറ്റു അറിയിപ്പുകൾ യഥാസമയം കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നും പുറപ്പെടുവിക്കാവുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**റ്റി.കെ.ജോസ്**
**ഗവ. പ്രിൻസിപ്പൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, കേരള ആഡിറ്റ് വകുപ്പ്
ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**